# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 894 09.08.2017-ലെ മറുപടി

**കുളിമാട് പ്ലാന്റിൽ നിന്ന് വെള്ളം എത്തിക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | ജി.ഐ.സി .എ (ജിക്ക) പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ, ചാത്തമംഗലം പഞ്ചായത്തുകൾക്ക് കുളിമാട് പ്ലാന്റിൽ നിന്ന് വെള്ളം എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | എ | കുളിമാട് പ്ലാന്റിൽ നിന്നും മാവൂർ ഗ്രാമ പഞ്ചായത്തിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി മൂന്ന് കോടി രൂപയുടെ ഒരു പ്രൊപ്പോസലിന് കിഫ്ബിയുടെ അംഗീകാരവും ഭരണാനുമതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചാത്തമംഗലത്തിനും സമീപ ഒൻപത് പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ ഡിസൈൻ റിപ്പോർട്ട് പി.പി.ഡി വിഭാഗം വിശദമായ പഠനത്തിന് ശേഷം തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ വിശദമായ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. |
| ബി | എൻ.ഐ.ടി, എം.വി.ആർ കാൻസർ സെന്റർ, കെ.എം.സി.ടി എന്നീ സ്ഥാപനങ്ങളും, ഗ്രാമപഞ്ചായത്തും ഡെഡിക്കേറ്റഡ് ലൈനുകൾ വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; | ബി | എൻ.ഐ.റ്റി, എം.വി.ആർ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളുടെ ഡെഡിക്കേറ്റഡ് ലൈൻ വേണമെന്ന ആവശ്യം ലഭിച്ചിട്ടുണ്ട്. |
| സി | എങ്കിൽ ഇവയെല്ലാം വ്യത്യസ്ഥ സമയങ്ങളിൽ റോഡ് മുറിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ ഒരു പൊതു എസ്റ്റിമേറ്റ് തയ്യാറാ ക്കാൻ കഴിയുമോ; ഇതിനാ വശ്യമായ നിർദ്ദേശം നൽകുമോ? | സി | എല്ലാ സ്ഥാപനങ്ങളും ഡെഡിക്കേറ്റഡ് ലൈനുകൾ വേണമെന്ന് ആവശ്യപ്പെട്ട് പണം നിക്ഷേപിക്കാൻ തയ്യാറായാൽ പൊതു എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സാധ്യത പരിശോധിക്കാവുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ